KANNUR INTERNATIONAL AIRPORT LIMITED
Site Office,Mattannur, Kannur - 670702
Tel: 0490 2474464, Fax: 2474463, E-mail: md@kannurairport.aero
Web: www.kannurairport.aero

# TENDER DOCUMENT
# FOR
# Cut and Removal of Trees

(Tender No.KIAL/A&L/TC/276)

ISSUED TO:

PLOT : SURVEY NO: 10/1 , 11

CONTRACTOR :

COST OF DOCUMENT: RS. 590/-
(Inclusive of GST)

**കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്**
**സൈറ്റ് ഓഫീസ്, മട്ടന്നൂർ – കണ്ണൂർ – 670702.**

**ദർഘാസ് പരസ്യം**

കണ്ണൂർ ജില്ലയിൽ കീഴല്ലൂർ വില്ലേജിൽ കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡിനു വേണ്ടി ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്നതും സർവ്വെ നമ്പർ 10/1 ,11 ലെ പ്രത്യേകം എണ്ണി തിട്ടപ്പെടുത്തിയിടുത്തിട്ടുള്ളതുമായ മരങ്ങൾ മുറിച്ച് മാറ്റി നീക്കം ചെയ്യുന്നതിനുള്ള അവകാശം ബ്ലോക്ക ടിസ്ഥാനത്തിൽ ദർഘാസ് മുഖേന ലഭിക്കുന്നതിന് താൽപര്യമുള്ളവരിൽ നിന്നും മുദ്രവെച്ച ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു. സർവ്വെ നമ്പർ, മരങ്ങളുടെ എണ്ണം, തുടങ്ങിയ വിവരങ്ങൾ ടെണ്ടർ ഫോറ ത്തിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. ടെണ്ടർ ഫോറം മട്ടന്നൂരിലുള്ള കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ഓഫീസിൽ നിന്നും 14/1/2019, 11 മണിവരെ ഓഫീസ് സമയത്ത് ലഭിക്കും. ഓരോ സർവ്വെ നമ്പറിലും നിശ്ചയിച്ചിട്ടുള്ള ടെണ്ടർ ഫോറത്തിന്റെ വില (ജി.എസ്.ടി ഉൾപ്പെടെ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി ഫോട്ടോ പതിപ്പിച്ച തിരിച്ചറിയിൽ കാർഡിന്റെ കോപ്പി സഹിതം രേഖാമൂലം അപേക്ഷി ച്ചാൽ ലഭിക്കുന്നതാണ്. ടെണ്ടർ ഫോറം www.kannurairport.aero എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തുസമർപ്പിക്കാവുന്നതാണ്. അങ്ങിനെ സമർപ്പിക്കുന്ന ടെണ്ടർ ഫോറത്തിനോ ടൊപ്പം ടെണ്ടർ ഫോറത്തിനും നിശ്ചിച്ചിട്ടുള്ള വില ഡിമാന്റ് ഡ്രാഫ്റ്റായി കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന രീതിയിൽ സമർപ്പിക്കേണ്ടതാണ്. ദർഘാസുകളോടൊപ്പം നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റ ഡിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്. ടെണ്ടറു കൾ മുദ്രവെച്ച കവറിൽ **എക്സിക്യൂട്ടീവ് ഡയറക്ടർ(എഞ്ചിനീയറിംഗ്), കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡ്, കണ്ണൂർ – 670702, ഫോൺ: 0490 2474463/64** എന്ന അഡ്രസിൽ 14/01/2019 ന് രാവിലെ 11 മണിക്ക് മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. നിരതദ്രവ്യവും, ടെണ്ടറുകളുടെ വിലയും ഒടു ക്കാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന വ്യക്തി, ടെണ്ടറിനോ ടൊപ്പം സമർപ്പിച്ച ഡി.ഡിയുടെ ഒരു ഫോട്ടോ കോപ്പിയും തിരിച്ചറിയിൽ കാർഡും നിർബന്ധമായി സൂക്ഷിച്ചിരിക്കേണ്ടതാണ്. കരാർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വയം ഉത്തരവാദിത്വത്തിലും ചില വിലും ദർഘാസിലെ നിബന്ധനകൾക്ക് വിധേയമായി മുഴുവൻ തുകയും കെട്ടിവെച്ച് മരങ്ങൾ മുറി ച്ച്മാറ്റി കൊണ്ടുപോകേണ്ടതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു/എല്ലാ ദർഘാ സുകളും നിരസിക്കുന്നതിനുള്ള അധികാരം കണ്ണൂർഅന്താരാഷ്ട്രവിമാനത്താവളകമ്പനിയുടെ മാനേ ജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

വിശദവിവരങ്ങൾ കണ്ണൂർ അന്താരഷ്ട്ര വിമാനത്താവള കമ്പനിയുടെ സൈറ്റ് ഓഫീസിലെ ഓഫീസിൽ നേരിട്ടോ, ഫോൺ മുഖേനയോ പ്രവൃത്തി സമയങ്ങളിൽ അറിയാവുന്നതാണ്. ഫോൺ: 0490 2474463/64.

മാനേജിംഗ് ഡയറക്ടർ
കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

## ദർഘാസ് പരസ്യം

## കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

### നിബന്ധനകൾ

ദർഘാസ് ദിവസം പൊതു അവധിയായി വന്നാലോ മറ്റേതെങ്കിലും കാരണത്താലോ ലേലം നടത്താൻ കഴിയാതെ വന്നാൽ ടി ദർഘാസ് അടുത്ത പ്രവൃത്തി ദിവസം പ്രസ്തുത സ്ഥലത്തും സമയത്തും നടത്തുന്നതായിരിക്കും. പുനർ ദർഘാസ് ആവശ്യമാണെങ്കിൽ പിന്നീട് നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും വെച്ച് നടത്തുന്നതാണ്.

1. ദർഘാസ് ഒരു നിശ്ചിത തുകയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിലേക്കായി സർവ്വെ നമ്പറുകളിലായി തിരിച്ചിട്ടുള്ള പ്രസ്തുത ഭൂമിയിൽ പരാമർശിച്ചിട്ടുള്ളതും മാർക്ക് ചെയ്തതുമായ മരങ്ങളുടെ ശേഖരണവും നീക്കം ചെയ്യലും സംബന്ധിച്ച ജോലിക്ക് വേണ്ടിയാണ് ഇത് തീരുമാനിച്ചിരിക്കുന്നത്.
2. ദർഘാസിൽ പങ്കെടുക്കുന്ന വ്യക്തികൾ ഓഫീസുമായി ബന്ധപ്പെട്ട് ദർഘാസിൽ പങ്കെടുക്കുന്നതിന് ദർഘാസുകൾ സമർപ്പിക്കുന്നതിന് മുൻപ് സ്ഥലം സന്ദർശിച്ചു മരങ്ങൾ കണ്ട് ബോധ്യപ്പെടേണ്ടതാണ്. മരങ്ങളുടെ എണ്ണം സംബന്ധിച്ചോ തടികളെ സംബന്ധിച്ചോ യാതൊരു പരാതികളും ദർഘാസിന് ശേഷം പരിഗണിക്കുന്നതല്ല.
3. ദർഘാസുകാരൻ നേരിട്ട് ദർഘാസിൽ പങ്കെടുക്കേണ്ടതാണ്.നിയമപരമായ മുക്ത്യാർ ഇല്ലാത്ത പകരക്കാരെ ദർഘാസിൽ പങ്കെടുപ്പിക്കുന്നതല്ല.
4. ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഡി.ഡിയുടെ ഒരു കോപ്പിയും കൈയിൽ സൂക്ഷിച്ചിരിക്കേണ്ടതും ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ കാണിക്കേണ്ടതും ആണ്.
5. ദർഘാസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ കണ്ണൂർ എയർപോർട്ടിന്റെ സൈറ്റ് ഓഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.
6. ദർഘാസ് കൊള്ളുന്ന ആൾ മൊത്തം ദർഘാസ് തുകയുടെ മൂന്നിൽ ഒന്ന് തുക ദർഘാസ് ദിവസം വൈകുന്നേരം 4 മണിക്കുമുമ്പായി ഒടുക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം കിയാലിലേക്ക് കണ്ടുകെട്ടുന്നതും മരങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ദർഘാസ് ചെയ്യുന്നതുമായിരിക്കും.
7. ദർഘാസ് കൊള്ളുന്ന ആൾക്ക് പ്രസ്തുത ബ്ലോക്കിൽ മാർക്ക് ചെയ്ത് തിട്ടപ്പെടുത്തിയിട്ടുള്ള മരങ്ങൾ മാത്രം അവകാശമുള്ളതും മറ്റ് മരങ്ങൾക്ക് അവകാശമില്ലാത്തതുമാകുന്നു.
8. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ദർഘാസ് തിയ്യതി മുതൽ 2 ദിവസത്തിനകം ബാക്കി $^{2}/_{3}$ ദർഘാസ് തുകയും 18 % നിരക്കിൽ ജി.എസ്.ടി, 5% വന വികസന നികുതി എന്നിവകളും ഒടുക്കി മൊത്തം ദർഘാസ് തുകയുടെ 10% സെക്യൂരിറ്റി ഡപ്പോസിറ്റും ഒടുക്കി 100 രൂപ മുദ്രപത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്. ജി എസ് ടി, വന വികസന നികുതി സഹിതം മട്ടന്നൂരിലുള്ള ഓഫീസിൽ 2 ദിവസത്തിനുള്ളിൽ ടി തുകകൾ ഒടുക്കാതിരുന്നാൽ സ്ഥിരപ്പെടുത്തിയ ദർഘാസ് അസ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം $^{1}/_{3}$ അടച്ച തുകയും കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ പേരിൽ വസൂലാക്കുന്നതുമാണ്.
9. ഉടമ്പടി കാലാവധി ദർഘാസ് സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയ്യതി മുതൽ 15 ദിവസമാണ്. കാലാവധിക്കുള്ളിൽ മുഴുവൻ മരങ്ങളും മുറിച്ച് മാറ്റി കൊണ്ടുപോകേണ്ടതാണ്. അല്ലാത്തപക്ഷം ദിനംപ്രതി 1000 രൂപ പിഴ ഈടാക്കുന്നതാണ്.

10. ദർഘാസിൽ ഉയർന്ന തുകയാണ് കരാർ തുകയായി കണക്കാക്കുക. അതാത് സമയങ്ങളിൽ ഉള്ള നികുതികൾ കരാർ തുകയോടൊപ്പം അടയ്ക്കേണ്ടതാണ്. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നവർ കരാർ തുകയ്ക്ക് പുറമേ കരാർ തുകയുടെ 10% സെക്യൂരിറ്റി ഡപ്പോസിറ്റായി നൽകേണ്ടതാണ്. ഈ തുക കരാർ കാലാവധിക്കു ശേഷം കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന് സംഭവിച്ച നഷ്ടങ്ങളും മറ്റു കിട്ടേണ്ട തുകകളും കുറവ് ചെയ്ത് പലിശ യില്ലാതെ തിരികെ നൽകുന്നതായിരിക്കും.

11. കരാറുകാരൻ (കോൺട്രാക്ടർ) നിയമിക്കുന്ന തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളിൽ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന് യാതൊരു ഉത്തരവാദിത്വവും ഇല്ലാത്തതും, തൊഴിൽ തർക്കങ്ങൾ കരാറുകാ രന്റെ ഉത്തരവാദിത്വത്തിൽ തീർക്കേണ്ടതുമാണ്.

12. കരാറുകാരന്റെ തൊഴിലാളികൾക്ക് ജോലി സമയത്തുള്ള അപകടങ്ങളുമായി ബന്ധപ്പെട്ടു ഉണ്ടായേക്കാവുന്ന Workmen Compensation പൂർണ്ണമായും കരാറുകാരന്റ ഉത്തരവാദിത്വമായിരിക്കും.

13. ദർഘാസിൽ പങ്കെടുക്കുന്ന കോൺട്രാക്ടർ എല്ലാ വ്യവസ്ഥകളും അംഗീകരിക്കുന്നതായി രേഖപ്പെടുത്തുന്നതിന് ഇതിനോടൊപ്പമുള്ള എല്ലാ പേജുകളുടെയും അവസാനം ഒപ്പിടേണ്ടതാണ്.

14. കരാർ ഉറപ്പിച്ച ആളിന്റെതൊഴികെ, നിരതദ്രവ്യം ദർഘാസ് ഉറപ്പിച്ചവർക്ക് വർക്ക് ഓർഡർ നൽകിയതിന് ശേഷം പലിശ കൂടാതെ തിരികെ നൽകുന്നതാണ്.

15. ദർഘാസ് സമർപ്പിച്ചതിന് ശേഷം ദർഘാസിൽ നിന്നും പിൻമാറുന്നവരുടെ നിരതദ്രവ്യവും ലേലത്തിൽ പങ്കെടുത്ത തിന് ശേഷം പിൻമാറുന്നവരുടെയും നിരത ദ്രവ്യവും 1/3 തുകയും കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിലേക്ക് കണ്ടു കെട്ടുന്നതും ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

16. ദർഘാസിൽ പങ്കെടുക്കുന്നവർ ടെണ്ടറിനോപ്പം സമർപ്പിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റിന്റെ പകർപ്പ് കൈയ്യിൽ സൂക്ഷി ക്കേണ്ടതാണ്.

17. നിയമപരമായ എല്ലാ നടപടികളും തിരുവനന്തപുരത്തുള്ള കോടതിയുടെ അധികാര പരിധിയിലായിരിക്കും.

18. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് മാനേജിംഗ് ഡയറക്ടറുടെയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ രേഖാമൂലമുള്ള അനുമതിയോടുകൂടി മാത്രമേ കരാറുകാരനോ അയാളുടെ ആളുകളോ ഭൂമിയിൽ പ്രവേശിക്കു വാൻ പാടുള്ളൂ.

19. യാതൊരു കാരണവശാലും മറ്റ് മരങ്ങൾക്കും ചുറ്റുമതിൽ തുടങ്ങിയ വസ്തു വകകൾക്കും നാശനഷ്ടങ്ങൾ വരു ത്താൻ പാടില്ല. ഉണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ ഉത്തരവാദി ആകുന്നതാണ്.

20. കരാറുകാരൻ, മാർക്ക് ചെയ്ത മരങ്ങൾ മാത്രം മുറിക്കേണ്ടതും ഭൂമിയിലെ മാർക്ക് ചെയ്യാത്ത മറ്റ് മരങ്ങൾ മുറിക്കു വാനോ കേടുവരുത്തുവാനോ പാടില്ലാത്തതാകുന്നു.

21. ദർഘാസുകാരന് ആദായ നികുതി സംബന്ധിച്ച പാൻകാർഡ് നിർബന്ധമായും ഉണ്ടാരിക്കേണ്ടതാണ്. ഇല്ലെങ്കിൽ അധികരിച്ച നിരക്കിലുള്ള ആദായ നികുതി ഈടാക്കുന്നതുമായിരിക്കും.

22. ദർഘാസിൽ പങ്കുചേരണമെന്നാഗ്രഹിക്കുന്നവർ താഴെ പറഞ്ഞിരിക്കുന്ന നിരതദ്രവ്യം ഡി.ഡിയായി കെട്ടിവെക്കേ ണ്ടതാണ്.

23. മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ കരാറുകാരൻ കരാർ കാലാവധിക്കുള്ളിൽ തന്നെ കരാറു കാരന്റെ ചിലവിൽ എടുത്ത് മാറ്റേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം അത്തരം ചിലവുകൾ കരാറുകാരന്റെ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതും സെക്യൂരിറ്റി തുക പോരാതെ വന്നാൽ നിയമപരമായ നടപടികളി ലൂടെ തുക ഈടാക്കുന്നതുമായിരിക്കും.

24. ദർഘാസ് ഭൂമിയിൽ കരാറുകാരന്റെ കാരണത്താൽ ഉണ്ടാവുന്ന തീപ്പിടുത്തങ്ങൾക്കും നാശനഷടങ്ങൾക്കുംകരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. തീപ്പിടുത്തങ്ങൾ നിയന്ത്രിക്കുന്നതിനുള്ള മുൻകരുതലുകൾ കരാറുകാരൻ സ്വന്തം നിലക്ക് ഏർപ്പെടുത്തേണ്ടതാണ്.

25. ഈ ടെണ്ടർ സംബന്ധിച്ച് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

26. നിരതദ്രവ്യം ലഭിക്കാത്തപക്ഷം ദർഘാസ് നിരുപാധികം നിരസിക്കുന്നതാണ്.

27. ദർഘാസ് സ്ഥിരപ്പെടുത്തിക്കിട്ടുന്ന ആൾ, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് മാനേജിംഗ് ഡയറക്ടറുടെയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ രേഖാമൂലമുള്ള അനുമതിയോടുകൂടി മാത്രമേ ഭൂമിയിൽ പ്രവേശിക്കുവാനും മരം മുറിക്കുവാനും പാടുള്ളൂ.

| | | |
|---|---|---|
| 1. | വകുപ്പിന്റെ –പേര് | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് |
| 2. | ദർഘാസ് നമ്പർ | KIAL/A&L/TC/276 |
| 3. | ദർഘാസ് സ്ഥലം | സൈറ്റ് ഓഫീസ്, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് മട്ടന്നൂർ |
| 4. | ഫോൺ നമ്പർ | 0490 2474463/64 |
| 5. | ദർഘാസിന്റെ ഉദ്ദേശം | മരങ്ങൾ മുറിച്ച് ശേഖരിച്ച് അവശിഷ്ടങ്ങളടക്കം നീക്കം ചെയ്ത് കൊണ്ടുപോകുന്നതിന്. |
| 6. | ദർഘാസ് തിയ്യതി, സമയം | 14/01/2019 ന് 11.30 മണിക്ക് |
| 7. | ദർഘാസ് ഫോറം നൽകുന്ന തിയ്യതി | 29.12.2018 ന് 11 മണി മുതൽ 14.01.2019 11 മണി വരെ |
| 8. | ദർഘാസ് ഫോറം സ്വീകരിക്കുന്ന തിയ്യതി | 29.12.2018 ന് 11 മണി മുതൽ 14.01.2019 11 മണി വരെ |
| 9. | നിരതദ്രവ്യം | 3022 രൂപ |
| 10. | ദർഘാസ് ഫോറം വില | 590 രൂപ |
| 11. | ഉടമ്പടി കാലാവധി | ദർഘാസ് സ്ഥിരപ്പെടുത്തി അറിയിക്കുന്ന തിയ്യതി മുതൽ 15 ദിവസം |
| 12. | ആകെ മരങ്ങളുടെ അടിസ്ഥാന വില | 120,870 രൂപ |

അനുബന്ധം 1

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

ദർഘാസ് നമ്പർ : KIAL/A&L/TC/276

ദർഘാസ് തിയ്യതി : 14.01.2019

സമയം : രാവിലെ 11 മണി

സ്ഥലം : കിയാൽ സൈറ്റ് ഓഫീസ്

ദർഘാസ് ഫോറം സ്വീകരിക്കുന്ന തിയ്യതി : 29.12.2018, 11 മണി മുതൽ 14.01.2019 11 മണി വരെ

സർവ്വേ നമ്പർ : 10/1, 11

| ക്രമ നമ്പർ | മരങ്ങളുടെ ഇനം | ആകെ മാർക്ക് ചെയ്ത മരങ്ങളുടെ എണ്ണം | മരത്തിന് മാർക്ക് ചെയ്ത നമ്പർ |
|---|---|---|---|
| 1 | തെങ്ങ് | 36 | 1,2,3,6,9,11,14,20,24,25,26,29,53,61,71,139,158,165,217,255,268,273,279 - 286 ,288,289,290,291,292,293, |
| 2 | പുളി | 1 | 4 |
| 3 | തേക്ക് | 22 | 5,16,17,18,22,23,30,31,32,40,58,60,63,68,69,201,208,210,226,228,240,244, |
| 4 | ചെമ്പകം | 2 | 7,8 |
| 5 | കരയം | 29 | 10,13,67,98,163,172,177,178,181,189,190,191,194,195,197,209,218,224,250, 253,256,257,265,270,271,358,363,364,380, |
| 6 | മുളള് മുരിക്ക് | 3 | 12,205,254 |
| 7 | മഞ്ചാടി | 1 | 15 |
| 8 | മാവ് | 20 | 19,213,222,225,227,234,236,237,238,239,241,242,243,246,247,252,259, 274,276,287, |
| 9 | വട്ട | 35 | 28,33,35,36,44,45,47,51,57,59,70,76,82,85,87,138,141,142,156,184,188,207, |

| | | | |
|---|---|---|---|
| | | | 211,258,262, 266,272,337,338,339,357,379,463,464,465, |
| 10 | ചെറുമരം | 2 | 21,313 |
| 11 | മുരിക്ക് | 21 | 27,34,37,38,39,41,42,43,46,48,50,52,56,62,145,146,166,168,275,277,278 |
| 12 | ആമ്പഴം | 1 | 49 |
| 13 | വേങ്ങ | 12 | 54,116,134,135,136,137,148,151,152,173,179,180 |
| 14 | പാതിരി | 6 | 55,66,72,73,74,75, |
| 15 | കമ്പിളി | 21 | 77,81,83,84,89,91,92,96,97,99,100,109,110,111,113126,144,157,170,171,212 |
| 16 | കശുമാവ് | 5 | 79,86,112,114,159 |
| 17 | മരുത് | 10 | 80,88,143,147,150,153,350,351,461,462, |
| 18 | വേഴ് | 1 | 90 |
| 19 | പാല | 5 | 93,94,95,140,223 |
| 20 | ചടച്ചിൽ | 22 | 64,65,101,102,149,155,161,162,167,169,174,176,182,183,185,192,193,196,198,<br>200,248,249 |
| 21 | വെൺ മരുത് | 2 | 103,104 |
| 22 | ഇരുൾ | 7 | 105,106,107,108,127,129,154 |
| 23 | താനി | 1 | 115, |
| 24 | എടല | 2 | 117,164 |
| 25 | മഹാഗണി | 6 | 118,124,296,297,299,300, |
| 26 | റബ്ബർ | 220 | 119 - 123 ,125,128, 130 -133,295,298,301 - 312, 314 - 336 ,340,341,342,343,345,346,347,348,349,352,353,354,355,356,359,360,361, 365 - 378, 381 - 455,457,458,459,460, 466 - 527 |
| 27 | ഇലവ് | 2 | 160,251 |
| 28 | മുരിങ്ങ | 3 | 175,221,269, |
| 29 | പാറക്കം | 5 | 186,230,231,232,456, |
| 30 | പ്ലാവ് | 6 | 157,202,203,204,206,219 |

| | | | |
|---|---|---|---|
| 31 | കവുങ്ങ് | 4 | 199,214,215,220 |
| 32 | ആത്തിച്ച<br>ക്ക | 1 | 216 |
| 33 | കോട്ടുമരം | 2 | 229,245 |
| 34 | മുള്ളിലം | 2 | 233,235 |
| 35 | പേരമരം | 4 | 260,261,263,264 |
| 36 | കൂവളം | 1 | 267 |
| 37 | ആനപന | 3 | 294,344,362 |
| 38 | കൊന്ന | 1 | 78 |
| | **ആകെ** | **527** | |

അനുബന്ധം - 2

ടെണ്ടർ സമർപ്പിക്കേണ്ട ഫോറം

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ കീഴല്ലൂർ വില്ലേജിൽ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ അധീനതയിലുള്ള സ്ഥലത്ത് നിന്നും മരങ്ങൾ മുറിച്ചുമാറ്റി കൊണ്ടുപോകുന്നതിനുള്ള കരാറിനുള്ള ദർഘാസ്.

1. കോൺട്രാക്ടറുടെ പേര് :

2. പൂർണ്ണമായ മേൽ വിലാസം :
   (പിൻകോഡ് ഉൾപ്പെടെ)

3. ബന്ധപ്പെടുവാനുള്ള ടെലഫോൺ/മൊബൈൽ :

4. ടെണ്ടർ സമർപ്പിക്കുന്ന സർവ്വെ നമ്പർ, മരങ്ങളുടെ എണ്ണം : 10/1 11 , 527

5. നിരതദ്രവ്യമായി സമർപ്പിക്കുന്ന ഡി.ഡിയുടെ വിശദാംശങ്ങൾ :
   തുക/ബാങ്കിന്റെ പേര്/ഡി.ഡി നമ്പർ/തിയ്യതി

6. ഓഫർ ചെയ്യുന്ന ദർഘാസ് തുക അക്കത്തിലും
   അക്ഷരത്തിലും :
   (18% ജഎസ് ടിയും 5% വന നികുതിയും ഒഴികെ)

പ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും സത്യമാണെന്നും, ടെണ്ടറിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ ഞാൻ പൂർണ്ണമായി വായിച്ചു മനസ്സിലാക്കിയാണ് മേൽ ദർഘാസ് സമർപ്പിച്ചിട്ടുള്ളതെന്നും കരാർ ലഭിക്കുകയാണങ്കിൽ കരാർ തുക മുഴുവനും കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ ഓഫീസിൽ 2 ദിവസത്തിനകം ഒടുക്കി 15 ദിവസത്തിനും മുൻപേ മരങ്ങൾ എന്റെ ഉത്തരവാദിത്വത്തിലും ചിലവിലും നീക്കം ചെയ്തു കൊള്ളാമെന്നും ഞാൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു. മരങ്ങൾ ഞാൻ നേരിൽ കണ്ടു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മേൽ ദർഘാസ് സമർപ്പിക്കുന്നത്.

സ്ഥലം:

തിയ്യതി:

(കോൺട്രാക്ടർ)